# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1665 | | 05.02.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യ നിർമ്മാർജ്ജനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.എസ്.ശിവകുമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നഗരത്തിലെ തമ്പാനൂർ, പഴവങ്ങാടി ഭാഗങ്ങളിൽ ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം നിറഞ്ഞ് ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ)<br>&<br>(ബി) | തിരുവനന്തപുരം നഗരത്തിലൂടെ കടന്നു പോകുന്ന ആമയിഴഞ്ചാൻ തോടിന്റെ നിയന്ത്രണം ഇറിഗേഷൻ വകുപ്പിനാണ്. പാളയം വാർഡിലെ ലെനിൻ നഗർ വാട്ടർവർക്സിന് സമീപത്ത് നിന്ന് ആരംഭിക്കുന്ന ഈ തോട്ടിലേയ്ക്ക് കൂടുതൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി ബേക്കറി ജംഗ്ഷൻ വരെ പൂർണ്ണമായും ഫെൻസിങ് ചെയ്തിട്ടുണ്ട്. രാജാജി നഗർ കോളനി നിവാസികൾ ആമയിഴഞ്ചാൻ തോട്ടിലേയ്ക്ക് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കോളനിയിൽ തുമ്പൂർ മൂഴി എയ്റോബിൻ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം നഗരസഭ പദ്ധതി തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരം ലഭ്യമാക്കിയെങ്കിലും, കോളനി നിവാസികളുടെ ഒരു വിഭാഗത്തിന്റെ എതിർപ്പ് കാരണം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല.<br>ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ദുരന്തനിവാരണ വകുപ്പ് ചില നവീകരണ പ്രവൃത്തനങ്ങൾ നടത്തിയെങ്കിലും ആയത് പൂർത്തിയാക്കിയിട്ടില്ല. കെ.എസ്.യു.ഡി.പി. മുഖേന നൽകിയ കരാർ പ്രകാരം ആമയിഴഞ്ചാൻ തോട്ടിലെ കുറച്ച് മാലിന്യം നീക്കം ചെയ്തെങ്കിലും നീക്കം ചെയ്യുന്ന മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് സൗകര്യം ഇല്ലാത്ത കാരണത്താൽ പണി പകുതി വഴിയിൽ നിർത്തിവച്ചിരിക്കുകയാണ്. ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിലേക്കായി തിരുവനന്തപുരം നഗരസഭ ഒരു പ്രോജക്റ്റ് രൂപീകരിച്ചിട്ടുള്ളതും 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുള്ളതുമാണ്. |
| (ബി) | പകർച്ചവ്യാധി ഭീഷണി നേരിടുന്ന സ്ഥലവാസികളുടെ പ്രയാസം കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ